# ഏലൂർ മുനിസിപ്പാലിറ്റി

## അടിയന്തിര മീറ്റിംഗ് നോട്ടീസ്

**22.06.2018**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു അടിയന്തിര യോഗം **23.06.2018 ശനിയാഴ്ച രാവിലെ 11.00-ന്** കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

എല്ലാ കൗൺസിൽ അംഗങ്ങൾക്കും

പകർപ്പ്: നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവൻമാർക്കും

**അജണ്ട: 1**

PW2- 6319/18

ഏലൂർ നഗരസഭ – എഞ്ചിനീയറിംഗ് വിഭാഗം – കനത്ത കാലവർഷത്തെ തുടർന്ന് നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് വടക്കും ഭാഗത്ത് (1, 2, 4, 5, 6, 29, 30, 31 എന്നീ വർഡുകളിൽ) ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. നഗരസഭയിലെ ആശ്രയ ഭവനങ്ങൾ കടുത്ത വെള്ളക്കെട്ടിലായതിനാൽ ജില്ലാ ഭരണകൂടത്തിന്റേയും, നഗരസഭയുടേയും നേതൃത്വത്തിൽ നഗരസഭയിലെ ഗവ. എൽ.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ അവരെ പുനരധിവസിപ്പിച്ചിട്ടുള്ളതാണ്.
2. വെള്ളക്കെട്ടിലാണ്ട പ്രദേശങ്ങൾ ബഹു. ഡെപ്യൂട്ടി കളക്ടർ(ഡിസാസ്റ്റർ മാനേജ്മെന്റ്), പി.സി.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായ ഉദ്യോഗസ്ഥർ ബഹു. ചെയർപേഴ്സന്റേയും മറ്റും സാന്നിദ്ധ്യത്തിൽ സന്ദർശിക്കുകയും, പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.